പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *569 05.07.2013 -ൽ മറുപടിക്ക്

# ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

ചോദ്യം

ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം.പി. വിൻസെന്റ്:
ശ്രീ. ഐ.സി. ബാലകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :

ഉത്തരം

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(പൊതുമരാമത്ത് വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് ഗതാഗതക്കുരുക്ക് പരിഹരിക്കാനുള്ള അടിസ്ഥാനസൗകര്യ-വികസന പദ്ധതികൾക്ക് അംഗീകാരം നൽകി-യിട്ടുണ്ടോ ; വിശദമാക്കുമോ ;

(എ) ഉണ്ട്. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന രൂക്ഷമായ ഗതാഗതത്തിരക്കിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി സുസ്ഥിരവും ആസൂത്രിതവുമായ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്നതിന് സ്പീഡ് കേരള എന്ന പദ്ധതിയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യവികസനത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തി-യിരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഫ്ളൈ ഓവറുകൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക, റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുക, നിലവിലുള്ള പാതകൾ 4 വരിയായി വികസിപ്പിക്കുക എന്നിവ-യാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി പ്രസ്തുത പദ്ധതികൾക്ക് ടോൾ പിരിവ് ഒഴിവാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികൾ ടോൾ പിരിവില്ലാതെയാണ് നടപ്പാക്കുക. കേരള റോഡ് ഫണ്ട് ബോർഡിന്റെ കൈവശം നീക്കിയിരിപ്പുള്ള ഫണ്ട് ഉപയോഗിച്ചും സർക്കാർ ഗ്യാരന്റിയിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെടുത്തും പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തുന്നതാണ്. വാഹന നികുതി രംഗത്ത് അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ (എ.ആർ.എം) പ്രൊപ്പോസൽ പ്രകാരമുള്ള തുകയിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിന് വേണ്ടി വരുന്ന തുക അനുവദിക്കാനും സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;വിശദാംശങ്ങൾ എന്തെല്ലാം ?

(ഡി) പദ്ധതിക്ക് ഏകദേശം 10,000 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം മാത്രമേ കൃത്യമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ.

സെക്ഷൻ ഓഫീസർ